# ചരിത്രമുറങ്ങുന്ന കൊട്ടാരം

Ref. Mathrubumi : Posted on: 21 Jul 2011

*T Ramanandakumar, Photos: Madhuraj*



ദാരു നിർമ്മിതമായ പദ്മനാഭപുരം കൊട്ടാരം. കലയുടെയും കരവിരുതിന്റെയും മാത്രമല്ല, ലാളിത്യത്തിന്റെയും ഉദാത്ത മാതൃക

തിരുവിതാംകൂറിന്റെ ആദ്യതലസ്ഥാനമായ പത്മനാഭപുരത്തെ 18-ാം നൂറ്റാണ്ടിലെ ദാരു നിർമ്മിതമായ കൊട്ടാരം. 1609ൽ ഇരവിപ്പിള്ള ഇരവിവർമ്മ കുലശേഖര പെരുമാളാണ് കൊട്ടാരം നിർമ്മിച്ചതെന്ന് കരുതുന്നു. 1741 ല് കുളച്ചല് യുദ്ധത്തിനു ശേഷം മാർത്താണ്ഡവർമ്മ മഹാരാജാവാണ് ഇന്നു കാണുന്ന നിലയിൽ കൊട്ടാരം പുതുക്കി പണിതത്. ആറര ഏക്കർ വിസ്തൃതിയുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വേണാടിന്റെ തലസ്ഥാനം തിരുവനന്തപുരത്തേക്ക് മാറ്റിയതോടെ പത്മനാഭപുരത്തിന്റെ പ്രൗഢി കുറഞ്ഞു. കൊട്ടാരം നിൽക്കുന്നത് തമിഴ്നാട്ടിലാണെങ്കിലും കൊട്ടാരവും പരിസരങ്ങളും കേരളത്തിന്റെ സ്വന്തമാണ്.



പൂമുഖത്തെ മച്ചിൽ ശിൽപാലംകൃതമായ കൊത്തുപണികൾ കാണാം. മുകളിൽ രാജസഭ കൂടിയിരുന്ന ദർബാർ ഹാൾ. സമീപത്ത് ഇരുനിലകളിലായി ആയിരം പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ഊട്ടുപുര. 400 കൊല്ലം പഴക്കമുള്ള തായ് കൊട്ടാരവും ഇതിനടുത്താണ്. വരിക്കപ്പെണവിന്റെ തടിയിൽ നിർമിച്ച കന്നിത്തൂണിലും മച്ചിലും കമനീയമായ കൊത്തുപണികൾ. മൂന്നു നിലകളുള്ള ഉപ്പിരിക്ക മാളിക, താഴെ ഖജനാവ്, മുകളിൽ രാജാവിന്റെ ശയനഗൃഹം, ഏറ്റവും മുകളിൽ തേവാരപ്പുര. കേരളത്തിലെ പുരാതനമായ ചുമർചിത്ര ശേഖരങ്ങൾ ഈ തേവാരപ്പുരയിലാണുള്ളത്. സുരക്ഷാകാരണങ്ങളാൽ ഉപ്പിരിക്ക മാളികയുടെ മുകൾനിലയില് സന്ദർശകർക്ക് പ്രവേശനം

നിരോധിച്ചിട്ടുണ്ട്.

മാളികയോടു ചേർന്ന് രാജവധുക്കളുടെ അന്തപ്പുരം. തുടർന്ന് ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന തെക്കേ തെരുവ് മാളിക. രാജഭരണക്കാലത്ത് അതിഥിമന്ദിരമായി



ഉപയോഗിച്ചിരുന്ന ഇന്ദ്രവിലാസം മാളിക കൊട്ടാരസമുച്ചയത്തിൽ ഏറ്റവും ഒടുവിലത്തേതാണ്.



യൂറോപ്യൻ മാതൃകയില് നിർമിച്ച ഈ ഉത്തുംഗ സൗധത്തിൽ പോപ്പിന്റെ സന്ദേശവുമായി ഇന്ത്യയിൽ ആദ്യമെത്തിയ ഫാ. പൗലിനോസ് ബർത്തലോമിയ എന്ന വിദേശമിഷണറി താമസിച്ചിട്ടുണ്ട്.

രാജഭരണകാലത്ത് നവരാത്രിപൂജയും നൃത്തസംഗീത സദസും നടത്തിയിരുന്ന നവരാത്രി മണ്ഡപം പൂർണമായും കരിങ്കല്ലിൽ നിർമിച്ചതാണ്. പ്രത്യേക മിശ്രിതം കൊണ്ട് നിർമ്മിച്ച തറയില് നോക്കി മുഖം മിനുക്കാം. നവരാത്രി മണ്ഡപം ഒഴികെ കൊട്ടാരസമുച്ചയത്തിലെ മറ്റ് കെട്ടിടങ്ങളെല്ലാം പൂർണമായും തടിയില് നിർമിച്ചവയാണ്. കേരള പുരാവസ്തു വകുപ്പിന്റെ ചുമതലയിലാണ് കൊട്ടാരം. തിങ്കളാഴ്ച അവധിയാണ്.



## Travel Info

## Padmanabapuram Palace

The Padmanabhapuram Palace was
the HQ of kings of erstwhile Travancore State.

**Location:** 37 km from Kanyakumari on the way
to Thiruvananthapuram at Padmanabhapuram near Thuckalai (2km) and Nagarkovil (20km)

**How to Reach**
**By Air:** Thiruvanathapuram (60km)
**By Rail:**Iraniyal (8km), Nagarkovil(15 km)
**By Road:** Palace is 2km away from Thuckalai, on the way to Kulashekharam. Buses are plenty from Thiruvanthapu ram (55 Km) and Kanyakumari (37km). Autorickshaws and buses available from Thuckalai.

**Contact** (STD Code: 04651)
Palace Ph: 250255

Eraniyal Railway Station Ph: 222338
Thuckalai Police Station Ph: 250723.



**Tips**

Ticket Charge: Rs. 25/head, Rs.10 for Children

Foreigners: Rs. 200/head

Still Camera: Rs. 25

Video Cam: Rs. 1500.

Monday holiday.

**Stay**

At Thuckalai: Lakshmi Lodge,Ph 04651 - 253844.

At Nagarkovil: Hotel Parvathi International, Ph:233020.

Hotel Ganga,Ph:232599, 236199

Hotel Srikrishna Inn, Ph:277782

Hotel Vijeyatha, Ph:232206/7